# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

| | |
|---|---|
| മാർച്ച് 19<br>MARCH 19 | 2019 |

*1193 മീനം 05* ചൊവ്വ

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സ്ഥാനാർഥികളുടെ സ്വകാര്യജീവിതത്തെ വിമർശിക്കരുത്: ജില്ലാ കളക്ടർ

ലോക്സഭാ തെരഞ്ഞെടുപ്പിൽ മറ്റു പാർട്ടികളുടെ സ്ഥാനാർഥികളുടെയും നേതാക്കളുടെയും പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യജീവിതത്തെക്കുറിച്ചു വിമർശിക്കരുതെന്നു ജില്ലാ കളക്ടർ പറഞ്ഞു. ഇത്തരം പ്രവർത്തനങ്ങളിൽ നിന്നു സ്ഥാനാർഥികളും നേതാക്കന്മാരും മാറി നിൽക്കണമെന്നും ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു പറഞ്ഞു.

അടിസ്ഥാനപരമായതോ വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ചു മറ്റു പാർട്ടികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കരുത്. മറ്റ് രാഷ്ട്രീയ പാർട്ടികളെക്കുറിച്ചുള്ള വിമർശനം നടത്തുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും വിമർശിക്കാൻ കഴിയുന്ന പൂർവകാലചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കിനിർത്തണമെന്നും കളക്ടർ വ്യക്തമാക്കി.

## രണ്ടിടത്ത് വോട്ടർ പട്ടികയിൽ ഉൾപ്പെട്ടാൽ നിയമനടപടി: ജില്ലാ കളക്ടർ

പൊതുതെരഞ്ഞെടുപ്പിൽ ഒരേ വോട്ടർക്ക് രണ്ടിടങ്ങളിലായി വോട്ടുള്ളതായി ചില സ്ഥലങ്ങളിൽ നിന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു പറഞ്ഞു. അയൽ സംസ്ഥാനക്കാരായ വോട്ടർമാരിൽ ചിലർ ഇങ്ങനെ ജില്ലയിലെ വോട്ടർ പട്ടികയിൽ ഇടം നേടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജന പ്രാതിനിധ്യനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇത് ഗുരുതരമായ നിയമ ലംഘനമാണ്. അത്തരത്തിൽ ഒന്നിൽ കൂടുതൽ സ്ഥലത്ത് വോട്ടർപട്ടികയിൽ പേരുള്ളതായി കണ്ടെത്തിയാൽ പിഴയും തടവും ഉൾപ്പടെയുള്ള നിയമനടപടികൾക്ക് വിധേയരാക്കുമെന്ന് ജില്ലാ കളക്ടർ മുന്നറിയിപ്പ് നൽകി.

## ജനസമക്ഷം ഇന്ന്

2019 ലോകസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ദൂരദർശൻ ന്യൂസിന്റെ തെരഞ്ഞെടുപ്പ് ചർച്ച ‘‘ജനസമക്ഷം’’ ഇന്ന്(20)വൈകിട്ട് അഞ്ചിന് കാസർകോട് പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് നടക്കും. ജില്ലയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുക്കും.

## താൽപര്യപത്രം ക്ഷണിച്ചു

കാസർകോട് ജില്ലയിൽ സർക്കാറിന്റെ വിവിധ പദ്ധതികൾക്ക് സ്വകാര്യ ഭൂമി, ഏറ്റെടുക്കുന്നതിന് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ജില്ലാഭരണകൂടം താൽപര്യപത്രം ക്ഷണിച്ചു. മാർച്ച് 30 ന് വൈകീട്ട് അഞ്ചിനകം മതിയായ രേഖകൾ സഹിതം താൽപര്യപത്രം ജില്ലാകളക്ടർ, കളക്ടറേറ്റ്, പി ഒ വിദ്യാനഗർ, കാസർകോട് എന്ന വിലാസത്തിലോ kascoll.ker@nic.in എന്ന ഇമെയിൽ വിലാസത്തിലോ അയക്കണം.കൂടുതൽ വിവരങ്ങൾക്ക് www.kasargod.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കുടിവെള്ള വിതരണം തടസപ്പെടും

കേരള വാട്ടർ അതോറിറ്റിയുടെ കാസർകോട് സബ് ഡിവിഷനു കീഴിൽ ചെർക്കള മുതൽ വിദ്യാനഗർ വരെ പുതിയ പൈപ്പ് ലൈനിന് ഇന്റർകണക്ഷൻ വർക്ക്, വാൾവ് സ്ഥാപിക്കൽ എന്നിവ നടക്കുന്നതിനാൽ കാസർകോട് മുൻസിപ്പാലിറ്റിയിലേയും മധൂർ, ചെങ്കള, മുളിയാർ പഞ്ചായത്തുകളിലെ ചില ഭാഗങ്ങളിലും ഈ മാസം 21 മുതൽ 24 വരെ കുടിവെള്ള വിതരണം ഭാഗികമായി തടസപ്പെടുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

കാസർകോട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള കാസർകോട് സ്പോർട്സ് അക്കാദമിയിലേക്ക് വാട്ടർ പ്യൂരിഫെയർ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.ക്വട്ടേഷനുകൾ ഏപ്രിൽ അഞ്ചിന് വൈകുന്നേരം മൂന്നിനകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് –04994 255521,

## പരിശീലന ക്ലാസ്സ് ആരംഭിക്കും

അവധിക്കാലത്ത് കബഡി, വോളിബോൾ, അത്‌ലറ്റിക്സ് ഇനങ്ങളിൽ 15 ദിവസം നീണ്ടുനില്ക്കുന്ന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാർച്ച് 26 ന് വൈകിട്ട് അഞ്ചിനകം കാസർകോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസിൽ സമർപ്പിക്കണം.

## നികുതി സ്വീകരിക്കും

ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി നികുതി പിരിവ് 100 ശതമാനം കൈവരിക്കുന്നതിന് മാർച്ച് 31 വരെ എല്ലാ ദിവസങ്ങളിലും (ഞായറാഴ്ച ഉൾപ്പെടെ) രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ കുമ്പഡാജെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നികുതികൾ സ്വീകരിക്കും. കുടിശ്ശിക വസ്തു നികുതിക്ക് പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കിയിട്ടുണ്ട്.

തുടരും….

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 19**<br>**MARCH 19** | **2019** |

*1193 മീനം 05* **ചൊവ്വ**

# പത്രക്കുറിപ്പ് 2



**www.prd.kerala.gov.in** **dioksgd@gmail.com** **ഫോൺ 04994 255145**


## ജില്ലയിൽ പ്രവാസിവോട്ടർമാർ 2643;

## കൂടുതൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ

ലോക് സഭാ തെരഞ്ഞെടുപ്പിൽ കാസർകോട് ജില്ലയിൽ ഏറ്റവും കൂടുതൽ പ്രവാസിവോട്ടർമാരുള്ളത് തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ. 888 പ്രവാസികളാണ് ഇതുവരെയായി തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ പേരു ചേർത്തിട്ടുള്ളത്. ഇതിൽ 869 പുരുഷന്മാരും 19 സ്ത്രീകളുമാണ്.

ജില്ലയിൽ നിലവിലെ കണക്കനുസരിച്ച് 2643 പ്രവാസിവോട്ടർമാരാണുള്ളത്. ഇതിൽ 89 പേർ സ്ത്രീകളാണ്. കാഞ്ഞങ്ങാട് 726 പ്രവാസിവോട്ടർമാരിൽ 704 പുരുഷന്മാരും 22 സ്ത്രീകളുമാണ്. മഞ്ചേശ്വരം 611ൽ 588 പേർ പുരുഷന്മാരും 23 പേർ സ്ത്രീകളുമാണ്. ഉദുമയിൽ 249ൽ 234പേർ പുരുഷവോട്ടർമാരും 15 സ്ത്രീവോട്ടർന്മാരുമാണുള്ളത്. ഏറ്റവും കുറവ് പ്രവാസിവോട്ടർമാരുള്ളത് കാസർകോട് നിയോജകമണ്ഡലത്തിലാണ്. 169 വോട്ടർമാരിൽ 159പേർ പുരുഷന്മാരും 10 സ്ത്രീകളുമാണ്.

വിദേശത്ത് നിന്നാണെങ്കിലും വോട്ടർ പട്ടികയിൽ പേരുചേർക്കാൻ പ്രവാസികൾക്ക് കഴിയും. നാഷണൽ വോട്ടേർസ് സർവീസ് പോർട്ടറിലൂടെ ഓൺലൈനായി ഈ മാസം 25 വരെ വോട്ടർപ്പട്ടികയിൽ പേരുചേർക്കാം. എന്നാൽ പകരക്കാരനെ ഉപയോഗിച്ച് പ്രോക്സി വോട്ട് ചെയ്യാനുള്ള ബിൽ രാജ്യസഭ പാസാക്കാത്തതിനാൽ ഈ തെരഞ്ഞടുപ്പിൽ പ്രോക്സി വോട്ട് ചെയ്യാൻ പ്രവാസി വോട്ടർമാർക്ക് സാധിക്കില്ല. തിരിച്ചറിയൽ രേഖയായി പാസ്പോർട്ടാണ് പ്രവാസിവോട്ടർമാർ കരുതേണ്ടത്. ജില്ലയിൽ 513 കേന്ദ്രങ്ങളിലായി 968 പോളിങ് ബൂത്തുകളാണ് തെരഞ്ഞടുപ്പിനായി ഒരുക്കുന്നത്.

## ലോകസഭാ തെരഞ്ഞെടുപ്പ് : ജില്ലയിൽ നോഡൽ ഓഫീസർമാരെ നിയമിച്ചു

ജില്ലയിൽ ലോകസഭാ തെരഞ്ഞെടുപ്പ് കാര്യക്ഷമമായി നടത്തുന്നതിന് നോഡൽ ഓഫീസർമാരെ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു നിയമിച്ചു. കള ക്ടറേറ്റിലെ ഹുസൂർ ശിരസ്താർ കെ. നാരായണനെ(മൊബൈൽ നമ്പർ.8547616044) മാൻപവർ മാനേജ്മെന്റ് നോഡൽ ഓഫീസറാ യും വെള്ളരിക്കുണ്ട് തഹസിൽദാർ പി.കുഞ്ഞിക്കണ്ണനെ( 8547618470) ഇ.വി.എം മാനേജ്മെന്റ് നോഡൽ ഓഫീസറായും കാസർകോട് റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർ അബ്ദുൾ ഷുക്കൂറിനെ (9447129174) ട്രാൻപോർട്ട് മാനേജ്മെന്റ് നോഡൽ ഓഫീസറായും നിയമിച്ചു. പഞ്ചാ യത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യലയത്തിലെ സീനിയർ സൂപ്രണ്ട് കെ.വിനോദ് കുമാറിനെ (9446017388) ട്രെയിനിംഗ് മാനേജ്മെന്റ് നോഡൽ ഓഫീസറായും കളക്ട റേറ്റിലെ സീനിയർ സൂപ്രണ്ട് എ.വി രാജനെ (9446674151) മെറ്റിരിയൽ മാനേജ്മെന്റ് നോഡൽ ഓഫീസറായും നിയമിച്ചു. എ.ഡി.എം. സി. ബിജൂവിനെ (9446522061) മാതൃ കാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിനും നിയമ വ്യവസ്ഥ നിലനിർത്തുന്നതിനുള്ള നോഡൽ ഓഫീസറായും,ഫിനാൻസ് ഓഫീസർ കെ.സതീശനെ(9447648998) ചെലവ് നിരീക്ഷണ വിഭാഗം നോഡൽ ഓഫീസറായും നിയമിച്ചു. ജോയിന്റ് രജിസ്ട്രാർ ജന റൽ വി.മുഹമ്മദ് നൗഷാദിനെ(8943155140) വോട്ടർ ബോധവൽക്കരണ നോഡൽ ഓഫീസറായും, അഗ്രിക്കൾച്ചറൽ ഡെപ്യൂട്ടി ഡയറക്ടർ ജോൺ ജോസ ഫിനെ(8547852261) ഒബ്സർവേഴ്സിനുള്ള നോഡൽ ഓഫീസറായും ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ സി രാധാകൃഷനെ(8547931565) ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പുവരു ത്തുന്നതിനുള്ള നോഡൽ ഓഫീസറായും നിയമിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീ സർ എം.മധുസൂദനനെ(8547860180) മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മെമ്പർ സെക്രട്ടറിയും മീഡിയ, കമ്മ്യൂണിക്കേഷൻ നോഡൽ ഓഫീസറായും ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ കെ.രാജനെ(9400158845) കമ്പ്യൂട്ടറൈസേഷൻ നോഡൽ ഓഫീസറായും കാസർകോട് സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) വി. സൂര്യനാരായണനെ (9446079985) പോസ്റ്റൽ ബാലറ്റ് പേപ്പർ, സർവ്വീസ് വോട്ടേഴ്സ്, ഇ.

ഡി.സിയുടെ നോഡൽ ഓഫീസറായും, കാസർകോട് തഹസിൽദാരുടെ (ആർ ആർ) കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് സി.ജി.ശ്യാമളയെ(9495503439) ഹെൽപ്പ്ലൈനിന്റെയും പരാതി പരിഹാരത്തിന്റെയും, ഐ.സി.റ്റി.ആപ്ലിക്കേഷന്റെയും നോഡൽ ഓഫീസറായും നിയമിച്ചു. എസ്.എം.എസ് മോണിട്ടറിങ്ങിന്റെയും കമ്മ്യൂണിക്കേഷൻ പ്ലാനിന്റെയും നോഡൽ ഓഫീസറായി കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ആന്റോ പി.ജി (9495346903) യെയും വോട്ടർ ഹെൽപ്പ് ലൈനിന്റെ നോഡൽ ഓഫീസറായി കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ഇന്ദു എം ദാസിനെയും(9596318399) സൈബർ സെക്യൂരിറ്റി നോഡൽ ഓഫീസറായി കാസർകോട് അഡീഷണൽ എസ്.പി. പി.ബി. പ്രശോഭിനേയും, (9497990141),വിഭിന്നശേഷിക്കാർക്കുള്ള നോഡൽ ഓഫീസറായി ജില്ലാ ചൈൽഡ് പ്രോട്ടക്ഷൻ ഓഫീസർ പി ബിജൂ(9447580121) വിനെയും നിയമിച്ചു.

## ലോകസഭാ തെരഞ്ഞെടുപ്പ്:എക്സൈസ് കൺട്രോൾ റൂം പ്രവർത്തിക്കും

ലോകസഭാ ഇലക്ഷനോടനുബന്ധിച്ച് മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ വർദ്ധിക്കുവാനുള്ള സാഹചര്യമുള്ളതിനാൽ തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം കാസർകോട് എക്സൈസ് ഡിവിഷൻ ഓഫീസിൽ പ്രവർത്തിക്കും. പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിലേക്ക് ടോൾഫ്രീ നമ്പറായ 155358 ൽ വിളിക്കാവുന്നതാണ്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ രഹസ്യമായി സൂക്ഷിക്കും.കൂടുതൽ വിവരങ്ങൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, കാസറഗോഡ് - 04994 256728 - 9447178066,അസി. എക്സൈസ് കമ്മീഷണർ, കാസറഗോഡ് - 04994 257060 - 9496002874, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, കാസർഗോഡ് -04994257060- 9400069728,

## വെക്കേഷൻ ഫോസ്റ്റർ കെയർ: അപേക്ഷ ക്ഷണിച്ചു

കാസർകോട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സംരക്ഷണത്തിൽ അംഗീകൃത ശിശു സംരക്ഷണ സ്ഥാപനത്തിൽ താമസിച്ചു വരുന്ന കുട്ടികളെ മദ്ധ്യവേനൽ അവധിക്കാലത്ത് പോറ്റിവളർത്താൻ താൽപര്യമുള്ള രക്ഷിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സ്വന്തം കുടുംബത്തിൽ വളരുവാൻ സാഹചര്യമില്ലാതെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചു വരുന്ന കുട്ടികൾക്ക് കുടുംബാന്തരീക്ഷത്തിൽ സുരക്ഷിതമായി വളരുവാൻ സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.വനിതാ ശിശുവികസന വകുപ്പിലെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്,ചൈൽഡ്വെൽഫെയർ കമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സംരക്ഷണയിൽ

കഴിഞ്ഞുവരുന്ന 5 വയസ്സിനു മുകളിൽ പ്രായമുള്ള ആൺകുട്ടികളെയും പെൺകുട്ടികളെയും ഈ പദ്ധതി പ്രകാരം അവധിക്കാലമായ ഏപ്രിൽ, മെയ്മാസങ്ങളിൽ അപേക്ഷകരായ രക്ഷിതാക്കളുടെ വീട്ടിൽ പോറ്റിവളർത്താൻ നൽകുന്നു. സംരക്ഷിക്കാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള കുട്ടികളില്ലാത്ത ദമ്പതികൾ, കുട്ടികളുള്ള രക്ഷിതാക്കൾ എന്നിവർക്ക് പദ്ധതിപ്രകാരം അപേക്ഷിക്കാം. ഒന്നിലധികം കുട്ടികളെ സംരക്ഷിക്കാൻ സന്നദ്ധരായവർക്ക് മുൻഗണന.താൽപര്യമുള്ളവർ കാസർകോട് വിദ്യാനഗർ -സിവിൽസ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 04994256990

## കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് വിതരണം

കാസർകോട് താലൂക്കിലെ 2019 വർഷത്തിലേക്ക് കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് താഴെ പറയും പ്രകാരം അതാത് പഞ്ചായത്തിലെ കൃഷി ഭവനിൽ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ വരെ വിതരണം ചെയ്യുമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

ഈ മാസം 21 ന് ചെങ്കള, മുളിയാർ, 22ന് മധൂർ, ചെമ്മനാട്, 23ന് കാറഡുക്ക, ദേലമ്പാടി, ബെള്ളൂർ, 25ന് കുറ്റിക്കോൽ, ബേഡഡുക്ക, 26ന് ബദിയടുക്ക, കുമ്പഡാജെ. കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ മൊഗ്രാൽ പുത്തൂർ, കാസർകോഡ് നഗരസഭയിൽ കാർഷിക പെർമിറ്റുകൾ 21നും വിതരണം ചെയ്യും.

പെർമിറ്റ് കൈപറ്റുന്നതിനായി അപേക്ഷകർ പുതിയ റേഷൻ കാർഡ്, ആധാർ കാർഡ് കോപ്പി, പെർമിറ്റിന്റെ വിലയായ 50 രൂപ സഹിതം പെർമിറ്റ് ഉടമ നേരിട്ട് ഹാജരാകണമെന്നും താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

## എംപ്ലോയബിലിറ്റി സെന്ററിൽ ജോലി അഭിമുഖം നാളെ

ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്നു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നാളെ(21) രാവിലെ 10 ന് അഭിമുഖം നടത്തും. തസ്തിക സെയിൽസ് ഓഫീസർ (എസ്എസ്എൽസി മുതൽ), മാർക്കറ്റിംഗ് മാനേജർ,(എസ്എസ്എൽസി) റീജിയണൽ മാനേജർ,( ഏതെങ്കിലും വിഷയത്തിൽ ബിരുദം), സെയിൽസ് ഡെവലപ്പ് മെന്റ് മാനേജർ,(പ്ലസ് ടു), സെയിൽസ് മാനേജർ( ബിരുദം), ടീം ലീഡർ (ബിരുദം ),സെയിൽസ് കൺസൽട്ടന്റ്, ട്രൂ വാല്യൂ മാനേജർ. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം കളക്ടറേറ്റിലെ എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പി യും ഉന്നത വിദ്യാഭ്യാസ സർടിഫിക്കറ്റിന്റെ കോപ്പിയും 250 രൂപയും അടച്ചു വൺ ടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 9207155700, 04994297470

## ഭക്ഷ ഭദ്രതാ നിയമം: മാധ്യമ ശിൽപശാല നടത്തി

ഭക്ഷ്യ ഭദ്രതാ നിയമത്തെ കുറിച്ച് വിശദീകരിക്കുന്നതിനായി മാധ്യമ പ്രവർത്തകർക്ക് ശിൽപ്പശാല സംഘടിപ്പിച്ചു. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ  പ്രസ് ക്ലബ്ബിൽ നടന്ന പരിപാടിയിൽ ജില്ലാ സപ്ലൈ ഓഫീസിലെ ഹെഡ് ക്ലർക്ക് ശശികുമാർ ക്ലാസ്സെടുത്തു.

ഭക്ഷ്യഭദ്രതാ നിയമം പൂർണാർത്ഥത്തിൽ നടപ്പിലാക്കാൻ റേഷൻ ഡിപ്പോതലം മുതൽ സംസ്ഥാന തലം വരെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിലൂടെ പൊതുവിതരണ രംഗത്തുള്ള എല്ലാ മോശമായ പ്രവണതകളും ഇല്ലാതാക്കി സുതാര്യവും ഉത്തരവാദിത്വവുമുള്ള റേഷനിങ് സംവിധാനം നടപ്പിലാക്കാം. സ്റ്റോക്ക് ബന്ധപ്പെട്ട രേഖകൾ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിക്കേണ്ടതും, റേഷൻ കട നടത്തിപ്പിൽ സുതാര്യത, ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം, റേഷൻ കട നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകുന്ന മാർഗ നിർദേശങ്ങൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിക്കുന്നുണ്ടെന്നും പരിശോധിക്കേണ്ടതും വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. കൂടാതെ കമ്മിറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ഉയർന്നു വരുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതുമാണ്. ബയോമെട്രിക് സംവിധാനത്തോട് കൂടിയ ഇപോസ് സ്ഥാപിച്ചതിലൂടെ പൊതുവിതരണം സുതാര്യമായും കാര്യക്ഷമമായും നടപ്പിലാക്കാൻ സാധിക്കുന്നുണ്ടെന്നും ശിൽപ്പശാലയിൽ വ്യക്തമാക്കപ്പെട്ടു. പരിശീലന പരിപാടിയിൽ  ജില്ലാ സപ്ലൈ ഓഫീസ് സീനിയർ സൂപ്രണ്ട് പി അജേന്ദ്രൻ സംസാരിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് (മീഡിയ വർക്ക്ഷോപ്പ്)**

ജില്ലാ സപ്ലൈ ഓഫീസ് പ്രസ് ക്ലബിൽ  നടത്തിയ ശിൽപ്പശാലയിൽ നിന്ന്

## വാർഷിക മസ്റ്ററിംഗ് നടത്തണം

കാസർകോട് സബ്ട്രഷറിയിൽ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തിയിട്ടില്ലാത്ത പെൻഷൻകാർ എത്രയും പെട്ടെന്ന് ട്രഷറിയിൽ ഹാജരായി നേരിട്ട് മസ്റ്ററിംഗ് നടത്തുകയോ ലൈഫ് സർട്ടിഫിക്കറ്റ് , ജീവൻ പ്രമാൺ വഴി മസ്റ്ററിംഗ് ചെയ്യുകയോ വേണം. നിയമാനുസൃതമായ മസ്റ്ററിംഗ് നടത്താത്ത പെൻഷൻകാരുടെ പെൻഷൻ വിതരണം ഏപ്രിൽ മുതൽ താൽക്കാലികമായി നിർത്തിവെക്കുന്നതാണെന്ന്  കാസർകോട് സബ്ട്രഷറി ഓഫീസർ അറിയിച്ചു.

## തൊഴിൽ രഹിത വേതനം വിതരണം ചെയ്യും

ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്കുള്ള 2018 ഏപ്രിൽ മുതൽ നവംബർ വരെയുള്ള വേതനം മാർച്ച് 21,22,23 തീയ്യതികളിൽ വിതരണം ചെയ്യും.അർഹരായ ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്,തൊഴിൽ രഹിത വേതന കാർഡ്,ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ഹാജരാക്കി വേതനം കൈപ്പറ്റണമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(അവസാനിച്ചു)